(ബി) അവിടെ എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട് ;

(സി) അവയ്ക്കെല്ലാംകൂടി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഞ്ഞപ്പാറ ഹരിജൻ കോളനിയിൽ ഒരു പൈപ്പ്ഡ് വാട്ടർ സപ്ലൈ സ്കീമും കുറ്റിമൂട് ഹരിജൻ കോളനിയിൽ ഒരു ബോർവെൽ സ്കീമും ഉണ്ട്.

(ബി) 46 ടാപ്പുകൾ.

(സി) 1.66 ലക്ഷം രൂപ.

കരവാരം പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ശുദ്ധജലവിതരണം

1406 [2128] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കിളിമാനൂർ അസംബ്ളി നിയോജക മണ്ഡലത്തിൽപ്പെട്ട കരവാരം പഞ്ചായത്തിലെ ഏതെല്ലാം ഹരിജൻ കോളനികളിൽ ശുദ്ധജല വിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട് ;

(സി) അവയ്ക്കെല്ലാം കൂടി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊക്കോട്ടുകോണം, ഇരമം, ചാത്തൻപ്പറ, പട്ടൽകിണറുമുക്ക്, എന്നീ ഹരിജൻ കോളനികളിൽ ഹാൻറ് പമ്പോടു കൂടി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലിൽ നിന്നും ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

(ബി) ടാപ്പുകൾ നൽകിയിട്ടില്ല.

(സി) 1.2 ലക്ഷം രൂപ.

നാവായിക്കുളം പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ശുദ്ധജലവിതരണം

1407 [2129] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിൽപ്പെട്ട നാവായിക്കുളം പഞ്ചായത്തിലെ ഏതെല്ലാം ഹരിജൻ കോളനികളിൽ ശുദ്ധജല വിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly